(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് അംഗീകാരം ലഭിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അംഗീകാരം ലഭിക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) സുസ്ഥിര ടൂറിസം വികസനത്തിനുള്ള നൂതന സംരംഭമായി റെസ്പോൺസിബിൾ ടൂറിസം എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ കുമരകത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയതിന് വേൾഡ് ടൂറിസം ഓർഗനൈസേഷൻ (UNWTO) -ന്റെ 2013-ലെ യുളീസിസ് (Ulysses) അവാർഡ് ലഭിച്ചിട്ടുണ്ട്.

(സി) UNWTO-ക്ക് അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി സെക്രട്ടറി ജനറലിന് കുമരകം മോണോഗ്രാഫ് തയ്യാറാക്കി നൽകുകയും അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടുതവണ കുമരകം സന്ദർശിക്കുകയുണ്ടായി.

വിനോദസഞ്ചാര വികസനത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം

259 (3695) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം സഹായമാണ് 2014-15 വർഷം ലഭിച്ചത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ധനസഹായം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത് ; വിശദാംശം നൽകാമോ ;

(ഡി) കേന്ദ്ര ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഈ കാലയളവിൽ കേന്ദ്ര സഹായം ഒന്നുംതന്നെ ലഭിച്ചിട്ടില്ല. സംസ്ഥാന ടൂറിസം വകുപ്പ് 2014-15 സാമ്പത്തിക വർഷത്തിൽ 80.37 കോടി രൂപയുള്ള 7 ടൂറിസം വികസന പദ്ധതികളുടെ വിശദമായ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഇതുവരെയും പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

260 (3696) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ ;

(ബി) ഈ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(സി) അനുമതി നൽകിയ പദ്ധതികളിൽ ആരംഭിക്കാത്തവ ഏതൊക്കെയാണ് ; അതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ഡി) ഈ പദ്ധതി പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം എ ആയി ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly